(ബി&സി) ഉണ്ട്. 2002- ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 30(1) ചട്ടം പ്രകാരം ഓരോ മൂന്ന് വർഷം കൂടുമ്പോഴും നദികളുടെ ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് നിശ്ചയിക്കുന്നതിന് സാൻഡ് ആഡിറ്റ് നടത്താറുണ്ട്. സംസ്ഥാനത്തെ ഇരുപത് നദികളിലെ നദീതീര മാപ്പിംഗും സാൻഡ് ആഡിറ്റിംഗും സർക്കാർ സെസ്സിന്റെ മേൽനോട്ടത്തിൽ റിവർ മാനേജ്മെന്റ് സെൽ മുഖേന നടത്തിവരുന്നു. ആയത് അന്തിമഘട്ടത്തിലാണ്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനുമായി കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹൗസിംഗ് ബോർഡ്, കേരള ലാൻഡ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. അതിനുംപുറമെ ഡാമുകളിൽ നിന്നും മണൽ വാരി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ ഏകോപിപ്പിച്ചാണ് മണൽ ഖനനവും വിതരണവും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാൻ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി എന്നീ വകുപ്പുകൾ സംയുക്തമായും അല്ലാതെയും സ്ക്വാഡ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം വകുപ്പ് 26 പ്രകാരം നിർദ്ദേശിക്കുന്ന പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ മണലിന്റെ ലഭ്യത ഉറപ്പുവരുത്താനും അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാനുമായി 21-2-2014-ൽ സ.ഉ.(എംഎസ്.)2/2014/പരി. 15-11-2014-ൽ സ.ഉ.(എംഎസ്.)നമ്പർ 13/2014/പരി. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ

30 (*120) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചക വാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച പരിശോധനകളുടെ അപര്യാപ്തത ഉപഭോക്താക്കൾക്ക് ദുരിതമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചില ഗ്യാസ് ഏജൻസികളുടെ കൂടി ഒത്താശയിൽ അനധികൃത ഗ്യാസ് റീഫില്ലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതും, അതിൽ ചിലതിൽ അപകടങ്ങൾ ഉണ്ടായത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) പാചാകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫാറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫാറങ്ങളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൻ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഇത്തരത്തിലുള്ള പരാതികളിന്മേൽ റേഷനിംഗ് ഇൻസ്പെക്ടർമാരും താലൂക്ക്/ജില്ലാ സപ്ലൈ ഓഫീസർമാരും നേരിട്ട് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എണ്ണക്കമ്പനികളുടെ സെയിൽസ് ഓഫീസർമാർ വിതരണ ഏജൻസികൾ കൃത്യമായി പരിശോധിക്കുകയും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭ്യമായാൽ അതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ്, 2014 പ്രകാരം നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഉപഭോക്താക്കളുടെ അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ പരിഹരിക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനിധികൃത ഗ്യാസ് റീഫില്ലിംഗ് കേന്ദ്രങ്ങളെക്കുറിച്ച് വിവരം ലഭിച്ചാലുടൻ അത്തരം കേന്ദ്രങ്ങളിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് പരിശോധന നടത്തുകയും ഉപകരണങ്ങൾ പിടിച്ചെടുക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നടപടി എടുക്കുകയും എൽ.പി.ജി. (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000 പ്രകാരവും ഇ.സി. ആക്ട് പ്രകാരവും നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly